# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 7039 — 11/07/2014 ൽ മറുപടിക്ക്

### ആർ.എം. എസ്.എ. കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച ഹൈസ്കൂളുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | ആർ.എം.എസ്.എകേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് എത്ര പുതിയ ഹൈസ്ക്കൂളുകൾ അനുവദിച്ചിട്ടുണ്ട് ; | എ) | 112 യു.പി.സ്കൂളുകൾ ആർ.എം.എസ്.എ പദ്ധതിയിൽ ഉൾപ്പെടുത്തി ഹൈസ്കൂളുകളായി അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്. |
| ബി) | പ്രസ്തുത പദ്ധതിയുടെ കീഴിൽ ഇനിയും ഹൈസ്ക്കൂളുകൾ ലഭിക്കുന്നതിലേക്കായി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; | ബി) | 2013-14 വർഷം 30 സ്കൂളുകളുടെ ലിസ്റ്റ് അപ്ഗ്രേഡ് ചെയ്യാൻ എം.എച്ച്.ആർ.ഡി യിലേക്ക് സമർപ്പിച്ചെങ്കിലും അനുമതി ലഭിച്ചില്ല. ഈ സ്കൂളുകളിൽ സംസ്ഥാന സർക്കാരിന്റെ ചെലവിൽ എട്ടാം ക്ലാസ്സ് ആരംഭിച്ചു. 2014-15 വർഷം ഈ 30 സ്കൂളുകളുടെ ലിസ്റ്റ് എം.എച്ച്.ആർ.ഡി ക്ക് സമർപ്പിച്ചെങ്കിലും അംഗീകാരം ഇതുവരെ ലഭിച്ചിട്ടില്ല. |
| സി) | എങ്കിൽ കാസർഗോഡ് ജില്ലയിൽ ഏതൊക്കെ സ്കൂളുകളാണുള്ളത്; ഇത് ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ? | സി) | ജി.യു.പി.എസ് കുളിയാട്, ജി.യു.പി.എസ് വാനം, ജി.യു.പി.എസ് അടക്കത്തുബയൽ എന്നിവയാണ് കാസറഗോഡ് ജില്ലയിൽ നിന്നും ടി 30 സ്കൂളുകളിൽ ഉൾപ്പെട്ടിട്ടുള്ളത്.<br><u>സ്കൂൾ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ</u><br>• 5 കിലോമീറ്ററിനുള്ളിൽ മറ്റ് അംഗീകൃത സ്കൂളുകൾ ഇല്ലാതിരിക്കുക<br>• സ്കൂളിൽ 9-ാം ക്ലാസ്സിൽ 50-70 കുട്ടികളെങ്കിലും ഉണ്ടാകാനുള്ള സാദ്ധ്യത<br>• യു.പി സ്കൂളുകളുടെ അപ്ഗ്രഡേഷനാണ് മുൻഗണന നൽകുന്നത്. പ്രത്യേക സാഹചര്യങ്ങളിൽ സെക്കന്ററി സ്കൂൾ മാത്രമായി തുടങ്ങാനും അനുവാദം ലഭിക്കും<br>• കുന്ന്, മല, പുഴ തുടങ്ങിയ പ്രകൃതി തടസ്സങ്ങളുള്ള പ്രദേശങ്ങളാണെങ്കിൽ ഒൻപതാം ക്ലാസ്സിൽ ചേരാൻ ഇടയുള്ള കുട്ടികളുടെ |

എണ്ണം 50 ആണെങ്കിലും അപ്ഗ്രഡേഷന് പരിഗണിക്കുന്നതാണ്.

- കുന്ന്, മല, പുഴ തുടങ്ങിയ പ്രകൃതി തടസ്സങ്ങളുള്ള പ്രദേശങ്ങളാണെങ്കിൽ ഒരു സെക്ഷൻ സെക്കന്ററി സ്കൂൾ ആണെങ്കിലും അനുവദിക്കും. ഈ സ്കൂളിൽ 25-35 കുട്ടികളെങ്കിലും ഉായിരിക്കണം. എന്നാൽ 5 കിലോമീറ്റർ എന്നതിന് ഇളവ് ലഭിക്കുന്നതല്ല.

സെക്ഷൻ ഓഫീസർ